പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 418 | 28.6.2012 ൽ മറുപടിയ്ക്ക്

**സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ :<br>ശ്രീ.എസ്.ശർമ്മ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.സുരേഷ് കുറുപ്പ് : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള എൻ.എൽ.ആർ.എം.പി. പദ്ധതി സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചു വരുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേക്കു മാറ്റുന്ന എൻ.എൽ.ആർ.എം.പി പദ്ധതിക്ക് കൊട്ടാരക്കര സബ് രജിസ്ട്രാർ ഓഫീസിൽ തുടക്കം കുറിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ, അത്യാധുനിക സ്കാനറുകൾ ഉപയോഗിച്ച് സ്കാൻ ചെയ്യുകയും, അത് അതിവേഗ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചുകൊണ്ട്, നിലവിലെ രജിസ്ട്രേഷൻ ഡാറ്റായുമായി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന രീതിയാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിനായി, കേരള സർക്കാർ സ്ഥാപനമായ സി - ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (സി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി). സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പരിഷ്കരിച്ച സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ പരീക്ഷണ പരിപാടിക്ക് തുടക്കം കുറിച്ചു.<br>2. ആധാര വാല്യങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പരീക്ഷണ പരിപാടിക്ക് തുടക്കം കുറിച്ചു.<br>3. 1980 മുതലുള്ള ആധാരവിവരങ്ങളുടെ ഡാറ്റാ ഫീഡിംഗ് ജോലികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ